# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2525** **05.11.2019 ൽ മറുപടിയ്ക്ക്**

## സർക്കാർ കെട്ടിടങ്ങൾക്ക് മുകളിൽ സൗരോർജ്ജ പ്ലാന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | | **ശ്രീ. എം. എം. മണി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ കെട്ടിടങ്ങൾക്കു മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സോളാർ നിലയം സ്ഥാപിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സോളാർ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br>കൂടാതെ അനെർട്ട്, തിരുവനന്തപുരം സ്മാർട്ട് സിറ്റി, കൊച്ചിൻ സ്മാർട്ട് സിറ്റി, ചില പൊതുമേഖല സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ നേരിട്ടും അല്ലാതെയും സൗരനിലയങ്ങൾ സ്ഥാപിക്കുന്നുണ്ട്. സൗര നിലയത്തിന്റെ ചെലവു വച്ചു നോക്കുമ്പോൾ സർക്കാർ ഓഫീസുകൾക്ക് ഗ്രിഡ് ബന്ധിത സൗര നിലയങ്ങളാണ് അഭികാമ്യം. അനർട്ട് പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൺസൽട്ടൻസി-ഡെപ്പോസിറ്റ് വർക്ക് ആയി സൗരനിലയം സ്ഥാപിച്ചു നൽകുന്നുണ്ട്. |
| (ബി) | ഇതിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഇതിനകം ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്(NCESS), കരിയോട്ടുമല ഫാം തുടങ്ങിയ സ്ഥാപനങ്ങളിലായി ആകെ **57.5** കിലോവാട്ടിന്റെ സൗരോർജ്ജ പദ്ധതി 2019 സെപ്റ്റംബർ - ൽ പൂർത്തീകരിച്ചു. ഒരു ദിവസം ഏകദേശം 4 യൂണിറ്റ് വൈദ്യുതിയാണ് 1 കിലോവാട്ട് സോളാർ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിക്കാൻ കഴിയുന്നത്. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) | കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള സൗരപദ്ധതി വഴി 1000 മെഗാവാട്ട് സൗര നിലയങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു.<br>പദ്ധതിയുടെ ഭാഗമായി നാളിതുവരെ രജിസ്റ്റർ ചെയ്ത സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സാധ്യതാ പഠനത്തിനു ശേഷം യോഗ്യമായ മേൽക്കൂരകൾ |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കുകയും മറ്റ് സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനം നടത്തി വരികയുമാണ്. 2020 ജനുവരി മുതൽ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) |
|---|---|---|
| | **നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ** | |
| 1 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) | 0.67 |
| 2 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) – രണ്ടാം ഘട്ടം | 0.45 |
| 3 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) – മൂന്നാം ഘട്ടം | 0.335 |
| 4 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം) | 0.480 |
| 5 | നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് | 0.025 |
| 6 | കരിയോട്ടുമല ഫാം | 0.0055 |
| 7 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം) | 0.110 |
| 8 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് ഒന്നാംഘട്ടം (3 നം) | 0.195 |
| 9 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് രണ്ടാം ഘട്ടം (5 നം) | 0.335 |
| 10 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് മൂന്നാം ഘട്ടം (5 നം) | 0.09 |
| 11 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് നാലാം ഘട്ടം (5 നം) | 0.2 |
| 12 | ജില്ലാ പഞ്ചായത്ത് കോട്ടയം | 0.022 |
| 13 | കാലിക്കറ്റ് സർവ്വകലാശാല (യു.ഒ.സി) | 0.057 |
| 14 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി ഒന്നാം ഘട്ടം | 0.027 |
| 15 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി രണ്ടാം ഘട്ടം | 0.027 |
| 16 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി മൂന്നാം ഘട്ടം | 0.056 |
| 17 | ജില്ലാ പഞ്ചായത്ത് കൊല്ലം (5 നം) | 0.09 |
| 18 | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്, വയനാട് | 0.0125 |
| 19 | ഡിസ്ട്രിക്ട് ഹോസ്പിറ്റൽ മാനന്തവാടി | 0.017 |
| 20 | കേരള ആരോഗ്യ സർവ്വകലാശാല (കെ.യു.എച്ച്.എസ്) | 0.25 |
| 21 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 0.506 |
| 22 | പാലക്കാട് ജില്ലാ പഞ്ചായത്ത് – അഗളി ഗോട്ട് ഫാം | 0.5 |
| 23 | വയനാട് ഡിസ്ട്രിക്ട് കോർട്ട് | 0.045 |
| 24 | മുനിസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട് (2 സർക്കാർ സ്കൂൾ , ജി.ജി.വി.എച്ച്.എസ്.എസ് നടക്കാവ്, ജി.എൽ.പി.എസ്, എരഞ്ഞിക്കൽ) | 0.025 |
| 25 | കൊയിലാണ്ടി താലൂക്ക് ആശുപത്രി | 0.030 |

[redacted]

Jeyant
സെക്ഷൻ ഓഫീസർ